- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റൈൽ മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കുന്നുണ്ട്.

- കെൽട്രോണിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി വി.എസ്.എസ്.സി.-യുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ പ്രതിരോധവകുപ്പിൽ നിന്നും ഏജൻസികളിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭിച്ചുവരുന്നു. വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സമാന മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടന്നുവരുന്നു.

- സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സിന് വി.എസ്.എസ്.സിയിൽ നിന്നും കേന്ദ്ര പ്രതിരോധവകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ റെയിൽവേ, ബി.ഇ.എം.എൽ., ബി.എച്ച്.ഇ.എൽ., മിഥാനി എന്നിവയ്ക്കും ആവശ്യമായ ഫോർജിംഗ്സുകൾ നൽകി വരുന്നു. 16 ടൺ ഹാമ്മർ സ്ഥാപിച്ചതോടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതലായി ആവശ്യമായി വരുന്ന ഫോർജിംഗുകൾ ഉൽപ്പാദിപ്പിച്ച് നൽകാൻ സാധിക്കുന്നതാണ്.

മേൽപ്പറഞ്ഞവ കൂടാതെ ടെൽക്കും, എൻ.ടി.പി.സി യുമായി സഹകരിച്ചുള്ള പദ്ധതിയും, സ്റ്റീൽ കോംപ്ലക്സും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുമായുള്ള സംയുക്ത പദ്ധതിയും (സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡ്) പൂർണ്ണ നിലയിൽ പ്രാവർത്തികമാക്കുമ്പോൾ യഥാക്രമം ട്രാൻസ്ഫോർമർ, സ്റ്റീൽ കമ്പികൾ എന്നിവയുടെ വിപണിയും മെച്ചപ്പെടുന്നതാണ്.

ഓരോ നിയോജകമണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക്

9(*339) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മെട്രോ നഗരങ്ങളുടെ അസൗകര്യങ്ങൾ പരിഗണിച്ച് ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഐ.റ്റി. വ്യവസായം കേരളത്തിൽ കൂടുതലായി ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന പദ്ധതികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സർക്കാർ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നത് പ്രായോഗികവും പ്രാവർത്തികവുമല്ല. പുതിയ ഐ.ടി./ഐ.ടി.ഇ..എസ്. അധിഷ്ഠിത വ്യവസായങ്ങൾ, കൂടുതൽ ഐ.ടി/ഐ.ടി.ഇ.എസ്. വികസന സാധ്യതകൾ തുടങ്ങിയവ സംസ്ഥാനമൊട്ടാകെ പ്രയോജനപ്പെടുത്തുന്നതിനാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി 'Hub & Spoke' മാതൃകയിൽ പാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ ഐ.ടി പോളിസിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രധാന നഗരങ്ങൾ 'Hub' ആയും മറ്റ് പ്രദേശങ്ങൾ ബന്ധിപ്പിച്ച് 'Spoke' കൾ ആയും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ പ്രധാന 'Hub' കളായി കേന്ദ്രീകരിച്ച് ഈ രീതിയിൽ ഐ.ടി. സംരംഭങ്ങൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇങ്ങനെ 'Hub& Spoke' മാതൃകയിൽ സംസ്ഥാനത്ത് ആരംഭിച്ച ആദ്യത്തെ ഐ.ടി. പാർക്കാണ് തിരുവനന്തപുരം ടെക്നോപാർക്ക്. ഇതിന്റെ കീഴിൽ കണ്ടറയിൽ ടെക്നോപാർക്ക് പ്രവർത്തിച്ചുവരുന്നു. ഇതുപോലെ കൊച്ചി ഇൻഫോപാർക്ക് കേന്ദ്രീകരിച്ചു കൊരട്ടിയിലും (തൃശ്ശൂർ ജില്ല), ചേർത്തലയിലും പാർക്കുകൾ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് സൈബർ പാർക്കിന്റെ കീഴിലായിരിക്കും കണ്ണൂരും കാസർഗോഡുമുള്ള ഐ.ടി. പാർക്കുകൾ. കോട്ടയം ജില്ലയിൽ പാലായിലും (ഇൻഫോസിറ്റി), മലപ്പുറം ജില്ലയിൽ അരീക്കോടും ഓരോ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സ്വന്തമായി ഭൂമിയും മൂലധനവുമുള്ള സ്വകാര്യ സംരംഭകർക്ക് സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് ഐ.ടി. പാർക്കുകൾ സംസ്ഥാനത്ത് വ്യാപിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

• മലബാർ മേഖലയിലെ വൈദ്യുതി പ്രശ്നങ്ങൾ

10 (*340) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രശ്നത്തിന് എത്രത്തോളം പരിഹാരമുണ്ടാക്കാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;